പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3043

20.12.2012- ൽ
മറുപടിക്ക്

## കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോത്സാഹന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, എ.റ്റി.ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോത്സാഹന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം?; വിശദമാക്കുമോ; | **(എ) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക, ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, കയറുൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുക എന്നിവയാണ് കയർഫെഡിന്റെ കാർഷിക പ്രോത്സാഹന സമൃദ്ധി പദ്ധതിയുടെ ലക്ഷ്യങ്ങൾ.** |
| (ബി)സംസ്ഥാനത്തെ പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുവാനും ഉൽപ്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ടെറസ് ഫാമിംഗിന് ഉതകുന്ന ചകിരിച്ചോറ് അടിസ്ഥാനമാക്കിക്കൊണ്ടുള്ള യു.വി. ട്രീറ്റഡ് ഗ്രോ ബാഗും കയറു പയോഗിച്ചുള്ള സമൃദ്ധി നെറ്റുമാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. |
| (സി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്? | (സി) കയർഫെഡ് ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ